പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1129 30.10.2019-ൽ മറുപടിയ്ക്ക്

എക്സൈസ് വകുപ്പിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

| ചോദ്യം<br>ശ്രീ.എൻ.ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|---|
| (എ) | എക്സൈസ് വകുപ്പിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിലെ നിലവിലെ ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ, എങ്കിൽ എത്ര ഒഴിവുകളുണ്ടെന്നും എന്നുമുതലുള്ള ഒഴിവുകളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ; | (എ) ഉണ്ട്. എക്സൈസ് വകുപ്പിൽ 31/05/2019 മുതൽ 83 എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളും 01/12/2018 മുതൽ 39 അസി.എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുമാണ് നിലവിലുള്ളത്. |
| (ബി) | 2016-ൽ ആരംഭിച്ച പ്രിവന്റീവ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പൂർത്തിയാകാത്തതുമൂലം സംസ്ഥാനത്തെ ഭൂരിഭാഗം അസിസ്റ്റന്റ് ഇൻസ്പെക്ടർ തസ്തികകളും നിരവധി എക്സൈസ് ഇൻസ്പെക്ടർ തസ്തികകളും ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുവാൻ വൈകുന്നതിന്റെ കാരണം പരിശോധിക്കുമോ; | (ബി) ഉണ്ട്. പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 31/12/2015 വരെയുള്ള ജില്ലാതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകൾ തൃശ്ശൂർ ജില്ലയൊഴികെ ആക്ഷേപം ഉന്നയിക്കുന്നതിനായി പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ ലഭിക്കുകയുണ്ടായി. 20/08/2011-ലെ G.O(P) No.26/2011/P&ARD ഉത്തരവിൻ പ്രകാരം പ്രിവന്റീവ് ഓഫീസർ കേഡറിലെ പ്രൊമോഷന് Excise Test Part A- I & II Papers, Part B- III Paper, District Office Manual/Manual of Office Procedure ഉൾപ്പെടുത്തി ഉത്തരവായിരുന്നു. പ്രസ്തുത ടെസ്റ്റുകൾ വിജയിക്കുന്നതിന് 3 വർഷത്തെ കാലാവധി സർക്കാർ നൽകിയിരുന്നു. |

പ്രസ്തുത ടെസ്റ്റുകൾ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തി ഉത്തരവായിരുന്നു. സർക്കാർ അനുവദിച്ച 3 വർഷ കാലപരിധിക്കുള്ളിൽ യോഗ്യത നേടാത്ത പ്രിവന്റീവ് ഓഫീസർമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും റിവർഷൻ നടപടികളിൽ നിന്നും സ്റ്റേ വാങ്ങുകയുമുണ്ടായി. പ്രസ്തുത കോടതി വ്യവഹാരങ്ങളിൽ കാലതാമസം എടുക്കുന്നതിനാൽ 01/01/2009 മുതൽ 31/12/2015 വരെയുള്ള പ്രിവന്റീവ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകൾ റദ്ദാക്കുകയും പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള ജില്ലാതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുമാണ് ഉണ്ടായത്. കൂടാതെ പ്രിവന്റീവ് ഓഫീസർമാരുടെ 01/07/2003 മുതൽ 31/12/2008 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിനെതിരെ നിരവധി പരാതികളും കോടതി കേസുകളും ഉള്ളതുകൊണ്ടാണ് നിലവിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ വൈകിയിട്ടുള്ളത്. നിലവിൽ കണ്ണൂർ ജില്ലയൊഴികെ എല്ലാ ജില്ലകളിലെയും പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് 19/10/2019-ന് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കുന്നതിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1783/2019 കേസ്സ് നിലവിലുള്ളതും പ്രസ്തുത കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ താത്കാലിക ഉത്തരവിൽ 30/10/2019 വരെ കണ്ണൂർ ജില്ലയിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി

| | |
|---|---|
| | ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിക്കരുതെന്ന് ഉത്തരവായിട്ടുമുണ്ട്. |
| (സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് താൽക്കാലിക സ്ഥാനക്കയറ്റം അടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നത് പരിഗണനയിലില്ല. |
| (ഡി) വകുപ്പിലെ ചില ജീവനക്കാരുടെ അനാസ്ഥമൂലം സ്ഥാനക്കയറ്റത്തിൽ ജീവനക്കാർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് ഒഴിവുകളുണ്ടായ സമയത്തെ സീനിയോറിറ്റി നൽകി ഡബിൾ പ്രമോഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) പരിഗണനയിലില്ല. |
| (ഇ) സീനിയോറിറ്റി ലിസ്റ്റ് അടിയന്തരമായി തയ്യാറാക്കി താഴെക്കിടയിലുള്ള ജീവനക്കാർക്ക് പ്രമോഷൻ നൽകുവാൻ ബന്ധപ്പെട്ടവർക്ക് കർശനനിർദ്ദേശം നൽകുമോ; വിശദവിവരം ലഭ്യമാക്കാമോ? | (ഇ) കണ്ണൂർ ജില്ലയൊഴികെ എല്ലാജില്ലകളിലെയും 01/01/2009 മുതൽ 19/08/2011 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് 19/10/2019-ന് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ